സ്വകാര്യം

ജ്യോതി മേനോൻ

ദൈവത്തിന്റെ മാലാഖ

ഞാൻ: എയർ ഇന്ത്യയിൽനിന്ന് സീനിയർ മാനേജരായി വിരമിച്ച കോഴിക്കോട് സ്വദേശി കെ. രാമചന്ദ്രന്റെയും വനജയുടെയും ഏകമകൾ. എച്ച്. ആർ. വിദഗ്ദ്ധനായ ബോബി മേനോന്റെ ഭാര്യ. എട്ടു വയസ്സുകാരി പൂജയുടെ അമ്മ. സ്റ്റാൻഡാർഡ് ചാർട്ടേഡ് ബാങ്കിന്റെ സബ്സിഡിയറിയായ സ്കോപ്പ് ഇന്റർനാഷണലിൽ എച്ച്. ആർ. ഷെയേർഡ് സർവ്വീസസിന്റെ മേധാവിയും സീനിയർ വൈസ് പ്രസിഡന്റും. ചെന്നൈയിൽ താമസം.

കവിത: എഴുതിത്തുടങ്ങിയത് കവിതകളായിരുന്നു. അച്ഛനായിരുന്നു വായനക്കാരൻ. നന്നായി പ്രോത്സാഹിപ്പിച്ചു.

പഠനം: കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ നിന്നാണ് ബിരുദം നേടിയത്. തുടർന്ന് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷനിൽ എൻജിനീയറിംഗ് പാസായെങ്കിലും തിരഞ്ഞെടുത്തത് എച്ച്. ആർ. മാനേജ്മെന്റിന്റെ ലോകമായിരുന്നു.

മാനേജ്മെന്റ്: ഹ്യൂമൻ റിലേഷൻസ് മാനേജ്മെന്റ് ത്രില്ലിംഗായ ഒരു ജോലിയായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്. എന്നെ എഴുത്തിലേക്ക് നയിച്ചത് ഈ മേഖലയാണ്. ദി പവർ ഓഫ് ഹ്യൂമൻ റിലേഷൻസ്, ബ്രാൻഡ്വൈസ്, മീ എ വിന്നർ എന്നിങ്ങനെ മൂന്ന് പുസ്തകങ്ങൾ. ഓരോന്നിന്റെയും മൂന്നും നാലും പതിപ്പുകൾ ഇറങ്ങി.

കലാം: ദി പവർ ഓഫ് ഹ്യൂമൻ റിലേഷൻസ് വായിച്ചശേഷം രാഷ്ട്രപതിയായിരിക്കെ ഡോ. എ.പി.ജെ.അബ്ദുൾ കലാം എനിക്ക് വിശദമായ കത്തെഴുതി. അത് വലിയ പ്രോത്സാഹനം മാത്രമല്ല വീണ്ടും എഴുതാനുള്ള ധൈര്യം കൂടിയാണ് പകർന്നത്.

ഡോ. എ.പി.ജെ.അബ്ദുൾകലാം

മാധവിക്കുട്ടി

നോവൽ: സാഹിത്യത്തോടുള്ള അഭിരുചിയാണ് നോവൽ രചനയ്ക്കുള്ള വഴി തുറന്നത്. ദി ഏഞ്ചൽ ഓഫ് ഗോഡ് അഥവാ ദൈവത്തിന്റെ മാലാഖയാണ് ആദ്യ നോവൽ. വിപുലമായ യാത്രാലോകത്തിൽ നിന്ന് ലഭിച്ച അനുഭവങ്ങളിൽ നിന്നാണ് കഥാബീജം.

മൂസാഹാജി: നോവലിലെ നായക കഥാപാത്രമാണ് അധോലോക നായകനായ മൂസാഹാജി. മൂസാഹാജിയുടെ മനോവ്യാപാരങ്ങളിലൂടെ മനുഷ്യന്റെ ജീവിതാവസ്ഥകളിലേക്ക് പ്രകാശം പരത്താനാണ് ശ്രമിച്ചത്. കോഴിക്കോടും ചെന്നൈയും സൗദി അറേബ്യയും ലിബിയയുമെല്ലാം കടന്നുവരുന്ന ഈ നോവൽ ജീവിത സാഹചര്യങ്ങൾ മനുഷ്യനെ എങ്ങനെയെല്ലാം മാറ്റിമറിക്കുന്നുവെന്ന് പ്രതിപാദിക്കുന്നു.

ബോബി: എനിക്ക് എല്ലാ കാര്യങ്ങളിലും ബോബി നല്ല പിന്തുണയാണ് നൽകുന്നത്. മീ എ വിന്നർ എന്ന പുസ്തകം ഞങ്ങൾ രണ്ടുപേരും ചേർന്നാണ് എഴുതിയത്.

ഗോൾഡ്ഫിഷ്: മകൾ പൂജയ്ക്ക് പറഞ്ഞുകൊടുക്കാറുള്ള കഥകളും കാര്യങ്ങളും ചേർത്ത് ഗോൾഡ്ഫിഷ് എന്ന പേരിൽ കുട്ടികൾക്കായി ഒരു പുസ്തകം എഴുതിവരികയാണ്. ഇതിന്റെ മലയാള പരിഭാഷയും വൈകാതെ പ്രസിദ്ധീകരിക്കും. കുടുംബസുഹൃത്തും ദൂരദർശൻ മുൻ ഡയറക്ടറുമായ കെ.കുഞ്ഞിക്കൃഷ്ണനാണ് ഇത് മലയാളത്തിലാക്കുന്നത്.

മാധവിക്കുട്ടി: മാധവിക്കുട്ടി എനിക്ക് പ്രിയപ്പെട്ട എഴുത്തുകാരിയാണ്. പ്രത്യേകിച്ചും അവരുടെ ഇംഗ്ലീഷ് കവിതകൾ.

ദാരിദ്ര്യം: വിദേശത്ത് മാർക്കറ്റ് ലഭിക്കുമെന്ന് കണ്ട് നമ്മുടെ രാജ്യത്തെ ആക്ഷേപിക്കുന്ന വിഷയങ്ങൾ എഴുതാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ദാരിദ്ര്യം പലരും മാർക്കറ്റ് ചെയ്യുന്നതുപോലെ.

ഇന്ത്യ: ഒരു ഇന്ത്യൻ എഴുത്തുകാരിയായി അറിയപ്പെടുക മാത്രമാണ് എന്റെ ലക്ഷ്യം. ഇവിടെ തന്നെ നിൽക്കണമെന്ന ആഗ്രഹത്താൽ വിദേശ തൊഴിലവസരങ്ങൾവേണ്ടെന്ന് വച്ചവളാണ് ഞാൻ.

സമയം: ഇരുപത്തിനാല് മണിക്കൂറും ഫലപ്രദമായി വിനിയോഗിക്കുന്നത് ഒരർത്ഥത്തിൽ ഒരു കലയാണ്. കുടുംബ ജീവിതത്തിനും ഓഫീസിനും എഴുത്തിനുമെല്ലാം സമയം കണ്ടെത്താൻ വലിയ പ്രയാസമുള്ളതായി തോന്നിയിട്ടില്ല.

സ്ത്രീ: സ്ത്രീ എന്ന ഒരു പരിമിതിയുള്ളതായി എനിക്കു തോന്നിയിട്ടില്ല. ആ രീതിയിലല്ല എന്നെ വളർത്തിയതും ഞാൻ വളർന്നതും.

(വി. എസ്. രാജേഷിനോട് പറഞ്ഞത്)